# വർഗ്ഗീയ കലാപങ്ങളും ഇന്ത്യൻ മുസ്‌ലിംകളും

മൗലാനാ സയ്യിദ് അബുൽ ഹസൻ അലി നദ്‌വി

**1983 ൽ മഹാരാഷ്ട്രയിൽ ദുഃഖകരമായ വർഗ്ഗീയ കലാപങ്ങൾ അരങ്ങേറിയപ്പോൾ മുഫക്കിറുൽ ഇസ് ലാം മാലാനാ സിദ് അബുൽ ഹസൻ അലി നദ്‌വി മുംബൈയിൽ വെച്ച് പണ്ഡിതരും വിദ്യാസമ്പന്നരും അടങ്ങിയ ഒരു സദസ്സിൽ വെച്ച് വളരെ വേദനയോടെ നടത്തിയ ഒരു പ്രഭാഷണമാണിത്. രാജ്യത്തിനും മുഴുവൻ രാജ്യനിവാസികൾക്കും നാണക്കേടായ വർഗ്ഗീയ കലാപങ്ങൾ ഉണ്ടാകാതിരിക്കാനാണ് ശ്രദ്ധിക്കേണ്ടതെന്നും അതിന് എന്തു ചെയ്യണമെന്നും മൗലാനാ ഇതിൽ വിവരിക്കുന്നു. ഇതിലെ ഓരോ വരികൾക്കും കേരളത്തിലേക്ക് വലിയ സന്ദേശമുണ്ട്. പടച്ചവൻ പഠിക്കാനും പകർത്താനും പ്രചരിപ്പിക്കാനും ഉതവി നൽകട്ടെ !**

- **സംഭവങ്ങളിൽ നിന്നും പാഠം പഠിക്കുക.**

**സംഭവങ്ങളിൽ നിന്നും പാഠം പഠിക്കുകയും ശരിയായ നിഗമനങ്ങളിൽ എത്തിച്ചേരുകയും ചെയ്യണമെന്ന് പരിശുദ്ധ ഖുർആനിൽ ധാരാളം സ്ഥലങ്ങളിൽ ഉണർത്തിയിട്ടുണ്ട്. ഓരോ സംഭവങ്ങൾക്കും അവയുടെ കാരണങ്ങൾക്കുമിടയിൽ പടച്ചവൻ ഒരു പ്രത്യേക ബന്ധം വെച്ചിട്ടുണ്ട്. മരുന്നുകൾക്കും ഇലകൾക്കും പുല്ലുകൾക്കും പോലും പ്രത്യേകതകൾ ഉള്ളത് പോലെ മനുഷ്യൻറെ കർമ്മങ്ങൾക്കും സ്വഭാവങ്ങൾക്കും ജീവിത രീതികൾക്കും മനുഷ്യൻറെ അവസ്ഥകളുമായി വളരെ ശക്തമായ ബന്ധമുണ്ട്. മുൻഗാമികളുടെ വിജയപരാജയങ്ങൾക്കും അവരുടെ വിശ്വാസ കർമ്മങ്ങൾക്കുമിടയിൽ വലിയ ബന്ധമുണ്ടന്നും അവയിൽ നിന്നും പാഠം ഉൾകൊള്ളണമെന്നും പാഠം ഉൾക്കൊള്ളാതിരിക്കുന്നത് വലിയ നാശത്തിന് കാരണമാണെന്നും പരിശുദ്ധ ഖുർആൻ ആവർത്തിച്ച് പറയുന്നു:**

وَكَأَيِّن مِّنْ آيَةٍ فِي السَّمَاوَاتِ وَالْأَرْضِ يَمُرُّونَ عَلَيْهَا وَهُمْ عَنْهَا مُعْرِضُونَ

**ആകാശങ്ങളിലും ഭൂമിയിലും എത്രയെത്ര ദൃഷ്ടാന്തങ്ങൾ! അവയെ അവഗണിച്ചുകൊണ്ട് അവർ അവയുടെ അടുത്ത് കൂടി കടന്ന് പോകുന്നു.**

(യൂസുഫ് 105)

**അതായത് ആകാശഭൂമികളിൽ ധാരാളം ദൃഷ്ടാന്തങ്ങളുണ്ട്. എന്നാൽ അതിനരികിലൂടെ കടന്ന് പോകുന്ന ധാരാളം ആളുകൾ അതിനെ അവഗണിക്കുകയും പ്രയോജനപ്പെടുത്താതിരിക്കുകയും ചെയ്യുന്നു. ഇക്കാര്യം കൂടുതൽ കടുപ്പത്തിൽ മറ്റൊരിടത്ത് പറയുന്നു:**

قُلِ انظُرُوا مَاذَا فِي السَّمَاوَاتِ وَالْأَرْضِ ▪ وَمَا تُغْنِي الْآيَاتُ وَالنُّذُرُ عَن قَوْمٍ لَّا يُؤْمِنُونَ

**( നബിയേ, ) പറയുക: ആകാശങ്ങളിലും ഭൂമിയിലും എന്തൊക്കെയാണുള്ളതെന്ന് നിങ്ങൾ നോക്കുവിൻ. വിശ്വസിക്കാത്ത ജനങ്ങൾക്ക് ദൃഷ്ടാന്തങ്ങളും താക്കീതുകളും എന്തുഫലം ചെയ്യാനാണ്?**

(യൂനുസ് 101)

**വേറൊരിടത്ത് പറയുന്നു:**

سَنُرِيهِمْ ايٰتِنَا فِي الْآفَاقِ وَفِي أَنفُسِهِمْ حَتَّى يَتَبَيَّنَ لَهُمْ أَنَّهُ الْحَقُّ أَوَلَمْ يَكْفِ بِرَبِّكَ أَنَّهُ عَلَى كُلِّ شَيْءٍ شَهِيدٌ

**ഇത് സത്യമാണെന്ന് അവർക്ക് വ്യക്തമാകുന്നതുവരെ ചക്രവാളങ്ങളിലും അവരുടെ ശരീര**

ങ്ങളിലും നാം അവർക്ക് നമ്മുടെ ദൃഷ്ടാന്തങ്ങൾ കാണിച്ചുകൊടുക്കുന്നതാണ്. എല്ലാ കാര്യത്തിനും സാക്ഷിയായി താങ്കളുടെ രക്ഷിതാവ് തന്നെ പോരെ?

(ഹമീം സജദ 53)

ഇന്ത്യൻ മുസ്ലിംകൾ വളരെ ഗൗരവമായി കാണേണ്ട ഒന്നാണ് ഇവിടെ നിരന്തരം ആവർത്തിച്ച്കൊണ്ടിരിക്കുന്ന വർഗ്ഗീയ കലാപങ്ങൾ. ഇത് എന്ത് കൊണ്ട് സംഭവിക്കുന്നു? ഇത് വെറും യാദൃശ്ചിക സംഭവമാണോ?

ഇതിൽ നമ്മുടെ എന്തെങ്കിലും തെറ്റ് കാണാൻ കഴിയുന്നുണ്ടോ? അതോ തെറ്റ് മുഴുവൻ മറ്റുള്ളവരുടേയും ഭരണകൂടത്തിൻറെയും നിയമപാലകരുടേയും മാത്രമാണോ?

മുസ്ലിംകളുടെ

ഉത്തരവാദിത്വം.

മുസ്ലിംകൾ ഏത് നാട്ടിൽ ആയിരുന്നാലും നാട്ടുകാരായ സഹോദരങ്ങൾക്ക് ഇസ്ലാമിനെ മനസ്സിലാക്കിക്കൊടുക്കാൻ ആഗ്രഹിക്കുകയും പരിശ്രമിക്കേണ്ടത് മുസ്ലിംകളുടെ പ്രധാന ബാധ്യതയാണ്. എല്ലാ പ്രവാചകൻമാരും ഈ വിഷയത്തിൽ അതിയായി ആഗ്രഹിക്കുകയും ചിന്തിക്കുകയും പരിശ്രമിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. മുഴുവൻ മഹൽഗുണങ്ങളുടേയും നായകൻകൂടിയായ റസൂലുല്ലാഹി (സ) ഈ വിഷയത്തിലും വളരെ മുൻപന്തിയിലായിരുന്നു. റസൂലുല്ലാഹി (സ)യുടെ അതിയായ ആഗ്രഹ ദുഖങ്ങൾ കാരണം അല്ലാഹു പരിശുദ്ധ ഖുർആനിൽ ധാരാളം വരികളിലൂടെ റസൂലുല്ലാഹി (സ)യെ സമാശ്വസിപ്പിക്കുകയുണ്ടായി. ഒരിടത്ത് പറയുന്നു:

تِلْكَ آيَاتُ الْكِتَابِ الْمُبِينِ

സുവ്യക്തമായ ഗ്രന്ഥത്തിലെ വചനങ്ങളാണിവ.

لَعَلَّكَ بَاخِعٌ نَّفْسَكَ أَلَّا يَكُونُوا مُؤْمِنِينَ

അവർ സത്യവിശ്വാസം സ്വീകരിക്കാത്തിന്റെ പേരിൽ താങ്കളുടെ ജീവൻ താങ്കൾ അപകടത്തിലാക്കിയേക്കാം.

(ശുഅറാഅ്2,3)

റസൂലുല്ലാഹി (സ)ക്ക് ശേഷം മഹാൻമാരായ മുൻഗാമികൾ ഈ കർത്തവ്യം ശരിയായ നിലയിൽ നിർവഹിക്കുകയുണ്ടായി. ഇത് ഇന്നും നാമോരുരുത്തരുടേയും പ്രധാന കർത്തവ്യമാണ്.

നാം ഏത് മതമനുസരിച്ചാണ് സഞ്ചരിക്കുന്നത്, നമ്മുടെ അടിസ്ഥാന തത്വങ്ങൾ എന്തെല്ലാമാണ് എന്ന് നാം മനസ്സിലാക്കിക്കൊടുക്കന്നതിനോടൊപ്പം ജനങ്ങൾ അതിനെ പഠിക്കാൻ പ്രേരിതരാകുന്ന നിലയിൽ നമ്മുടെ സ്വഭാവ ബന്ധങ്ങളിലൂടെയും അവരെ നമ്മിലേക്ക് അടുപ്പിക്കാൻ നാം പരിശ്രമിക്കേണ്ടതാണ്. നമ്മുടെ പ്രവർത്തനങ്ങൾ ഇസ്ലാമിനെക്കുറിച്ച് അറിയാൻ അവരിൽ ആഗ്രഹം ജനിപ്പിക്കുന്നതായിരിക്കണം.നാം ആരെയും ദ്രോഹിക്കുന്നവരല്ല,നാം എല്ലാവരുടേയും ഗുണകാംക്ഷികളാണ്, നാം പണത്തെ മാത്രം ആരാധിക്കുന്നവരല്ല, നമുക്ക് ചില തത്വങ്ങളും മൂല്യങ്ങളുമുണ്ട്.നമ്മെ അതിൽ നിന്നും തെറ്റിച്ച് പണംകൊടുത്ത് വാങ്ങാൻ കഴിയുകയില്ല. എന്നീ കാര്യങ്ങൾ നമ്മുടെ സ്വഭാവ പ്രവർത്തനങ്ങളിലൂടെ നാം അവർക്ക് കാണിച്ച് കൊടുക്കുന്നതാണ്. സത്യം പറയട്ടെ , നമ്മുടെ ഇത്തരം പ്രവർത്തനം ധാരാളം പ്രസംഗങ്ങളേയും ലേഖനങ്ങളേക്കാളും പ്രയോജനപ്പെടുന്നതാണ്.

▪ഒരു വാചകം നിഷേധിയെ മാറ്റി ചിന്തിപ്പിച്ചു.

കടുത്ത നിഷേധിയായിരുന്ന ജബ്ബാർ എന്ന വ്യക്തി ഇസ്ലാം സ്വീകരിക്കാനുള്ള സംഭവം അദ്ദേഹം തന്നെ വിവരിക്കുന്നു: ആമിർ(റ) എന്ന സ്വഹാബിയെ ഞാൻ പിന്നിൽ നിന്നും

കുത്തുകയുണ്ടായി. കുന്തം ഒരു ഭാഗത്ത് നിന്നും കയറി മറുഭാഗത്തുകൂടി ഇറങ്ങി.അദ്ദേഹം മറിഞ്ഞ് വീണ് പിടച്ച് മരിച്ചപ്പോൾ അദ്ദേഹം ഇപ്രകാരം പറയുന്നുണ്ടായിരുന്നു: കഅ്ബയുടെ രക്ഷിതാവാണെ ഞാൻ വിജയിച്ചു! ഈ ഒരു വാചകം എന്നെ ഇസ്‌ലാമിലേക്ക് നയിച്ചു. കാരണം ഇത് എൻറെ ചിന്തയെ ഉണർത്തി. ജീവനും സമ്പത്തും,കുടുംബവും എല്ലാം നഷ്ടപ്പെട്ട ഇദ്ദേഹം എന്ത്കൊണ്ടാണ് വിജയിച്ചു എന്ന് പറഞ്ഞത്.? അതെ, അദ്ദേഹം എന്നോടും മുഴുവൻ ജനങ്ങളോടും ഇപ്രകാരം വിളിച്ച് പറഞ്ഞു: സത്യത്തിൻറെ മാർഗ്ഗത്തിൽ ജീവിച്ച് അതിനായി മരിക്കുന്ന എൻറെ ജീവിതം സഫലമായിരിക്കുന്നു. എനിക്ക് ബാഹ്യമായി എല്ലാം നഷ്ടപ്പെട്ടങ്കിലും യഥാർത്ഥത്തിൽ ഞാൻ വിജയിച്ചിരിക്കുന്നു.
നിങ്ങളും ഇപ്രകാരമുള്ള ജീവിതത്തിന് തയ്യാറാകണമെന്ന് ഞാൻ
ആത്മാർത്ഥമായി ആഗ്രഹിക്കുന്നു.!
ഇത് സ്വഹാബികളുടേയും മുൻഗാമികളായ മഹാന്മാക്കളുടേയും സാധാരണ സംഭവങ്ങളിൽ ഒന്ന് മാത്രമാണ്. നാമെല്ലാവരും ഇപ്രകാരം ഉന്നത നിലവാരം പുലർത്തണമെന്ന് പറയുന്നില്ല, പക്ഷെ, നമ്മുടെ ജീവിതവും സ്വഭാവ രീതികളും ജനങ്ങളെ ചിന്തിപ്പിക്കാനും ഇസ്‌ലാമിനെക്കുറിച്ച് മനസ്സിലാക്കാനും പ്രേരിപ്പിക്കുന്ന നിലയിലുള്ളതാകാൻ നാം പരിശ്രമിക്കേണ്ടതാണ്.

▪ഹുദൈബിയ്യ സന്ധിയുടെ ഫലം.

റസൂലുല്ലാഹി (സ) മക്കാമുകറയിൽ 13 വർഷം പ്രബോധനം നടത്തി. നബി( സ) യുടെ പ്രബോധനം അതിസൂക്ഷമമായ നിലയിലായിരുന്നു. പരിശുദ്ധ ഖുർആൻ അവതരിക്കുകയും പടച്ചവന്റെ സഹായം വർഷിക്കുകയും ചെയ്തു കൊണ്ടിരുന്നു. തുടർന്ന് റസൂലുല്ലാഹി(സ) മദീന മുനവ്വറയിൽ വന്ന് 6 വർഷം പ്രബോധനം നടത്തി. ഈ സമയങ്ങളിലെല്ലാം ജനങ്ങളിൽ പരിവർത്തനം സംഭവിക്കുന്നുണ്ടായിരുന്നു.എന്നാൽ കടുത്ത തെറ്റിദ്ധാരണകളുടെ മറകൾ ഉള്ളതിനാൽ വലിയ മുന്നേറ്റമൊന്നും സംഭവിച്ചില്ല. പ്രത്യേകിച്ചും റസൂലുല്ലാഹി(സ) യുടെയും സ്വഹാബത്തിന്റെയും സ്വഭാവരീതികൾ അടുത്തു നിന്ന് കാണാൻ അവർക്ക് കഴിഞ്ഞിട്ടില്ലായിരുന്നു. ഇതിനിടയിൽ ഹിജ്റ ആറാം വർഷം ഹുദൈബിയ സന്ധി നടന്നു.എട്ടാം വർഷത്തിൽ മക്കാ വിജയവും സംഭവിച്ചു. സമുന്നത താബിഈ ആയ ഇമാം സുഹ്‌രി കുറിക്കുന്നു : റസൂലുല്ലാഹി(സ) യുടെ ഈ രണ്ട്
വർഷങ്ങളിലാണ് ഏറ്റവും കൂടുതൽ ആളുകൾ റസൂലുല്ലാഹി (സ) യുമായി അടുക്കുകയും സമാധാനത്തിലാകുകയും ഇസ്‌ലാം സ്വീകരിക്കുകയും ചെയ്തത്. ഇതിന് മുമ്പും റസൂലുല്ലാഹിയുടെ പ്രബോധനവും പരിശുദ്ധ ഖുർആനിന്റെ അമാനുഷികതയുടെ സമുന്നത സഹവാസമുണ്ടാകുകയും ചെയ്തിരിന്നെങ്കിലും ഇത്ര വലിയ മാറ്റങ്ങളെന്നും സംഭവിക്കാതിരുന്നത് എന്തുകൊണ്ടാണ് ?
കാരണം മറ്റൊന്നുമല്ല ഹുദൈബിയ്യ സന്ധി ജനങ്ങൾക്ക് സമധാനത്തോടെ മദീനയിലേക്ക് വരുവാനും മുസ്‌ലിം ജീവിതം കാണാനും വഴി തുറന്നു. ഇതിന് മുമ്പ് അവരുടെയും മുസ്‌ലിംകളുടെയും ഇടയിൽ വലിയൊരു മറയുണ്ടായിരുന്നു. ഇപ്പോൾ അത് മാറി. പ്രത്യേകിച്ചും ഹുദൈബിയ സന്ധിയിലെ ഒരു പ്രധാന കാര്യം മക്കയിൽ നിന്നുമുള്ള ആളുകൾക്ക് സ്വതന്ത്രമായി മദീനയിലേക്ക് വരാമെന്നായിരുന്നു. ഇത് ബാഹ്യമായി അൽപ്പം കടുത്ത നിബന്ധന ആയിരുന്നെങ്കിലും മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം വലിയൊരു അനുഗ്രഹമായി മാറി. കാരണം ഇതിനെ തുടർന്ന് അത് വഴി യാത്രചെയ്യുന്നവരെല്ലാം മദീനയിൽ ഇറങ്ങി താമസിക്കാനും മദീനയിലുണ്ടായിരുന്ന ബന്ധുക്കളെ കാണാൻ മക്കയിലുള്ളവർ വരാനും തുടങ്ങി. അവർ സ്വഹാബത്തിന്റെ സ്നേഹാദരങ്ങൾ നിറഞ്ഞ സ്വഭാവ പെരുമാറ്റങ്ങളും അവരുടെ ജീവിതത്തിന്റെ മറ്റു കാര്യങ്ങളും നോക്കി കണ്ടു. പ്രത്യേകിച്ചും അവർ ധാരാളം ശത്രുത പുലർത്തുകയും ആക്ഷേപാദിക്ഷേപങ്ങൾ നടത്തുകയും ചെയ്തിട്ടും മദീനക്കാർ അവരെ സ്വീകരി

ച്ചതും സ്വന്തം പട്ടിണി കിടന്ന് അവർക്ക് ആഹാരം കൊടുത്തതും അവരുടെ മനസ്സ് പിടിച്ച് കുലുക്കി.അതെ മദീന നിവാസികൾ രാവിലെ ഉണരുന്നതും ദിക്റ് ദുആകളിൽ മുഴുകുന്ന തും കൃത്യനിഷ്ഠതയോടെ നമസ്കരിക്കുന്നതും വിവിധ ജോലികളുമായി ബന്ധപ്പെടുന്നതും കുടുംബ മിത്രങ്ങളോടും മുഴുവൻ ജനങ്ങളോടും നല്ല നിലയിൽ വർത്തിക്കുന്നതും വിജ്ഞാ നങ്ങൾ പഠിക്കുന്നതും പഠിപ്പിക്കുന്നതുമെല്ലാം അവർക്ക് ആകർഷകമായി അനുഭവപ്പെട്ടു. ചുരുക്കത്തിൽ ഹുദൈബിയ സന്ധിയിലൂടെ അവർ മുസ്ലിംകളിലേക്ക് വളരെയധികം അടു ക്കുകയും തെറ്റിദ്ധാരണകൾ മാറി പരസ്പരം സ്നേഹ വിശ്വാസങ്ങൾ ശക്തിപ്പെടുകയും ചെയ്തു.

▪നമ്മുടെ അവസ്ഥ എന്താണ് ?

ഇനി നാം ഇന്ത്യൻ മുസ്ലിംകളെ കുറിച്ച് ചിന്തിക്കുക... ആയിരത്തിലേറെ വർഷങ്ങളായി നാം ഇവിടെ കഴിയുന്നു. എന്നാൽ നമുക്ക് നാട്ടുകാരായ അമുസ്ലിം സഹോദരങ്ങൾക്ക് ഇസ്ലാമിനെ പരിചയപ്പെടുത്താനും അവരുമായി ഉത്തമ ബന്ധം പുലർത്താനും സാധിച്ചി ട്ടുണ്ടേ ?... സത്യം പറയട്ടെ ഇസ്ലാമിക സ്വഭാവ ബന്ധങ്ങളുടെ സുഗന്ധം അവർക്കെത്തി ക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല.
അവർ മസ്ജിദുകളിൽ വരുകയോ നമസ്കാരങ്ങൾ കാണുകയോ നമ്മുടെ പ്രഭാഷണങ്ങൾ കേൾക്കുകയോ രചനകൾ വായിക്കുകയോ ചെയ്യാറില്ല. രാഷ്ട്രീയ മേഖലകൾ തെരെഞ്ഞെടു പ്പ് ഗോദകൾ കച്ചവട ഇടപാടുകൾ പോലുള്ള മേഖലകളിലാണ് അവർ നമ്മെ കാണുന്നത്. ഇവകളിലുടെ അവർ നമ്മെ തെറ്റിദ്ധരിക്കുകയും ശത്രുതയോടെ വർത്തിക്കുകയും ചെയ്യുന്നു. മുസ്ലികളുടെ മനസ്സിലുള്ള മഹൽ ഗുണങ്ങൾ എന്തെല്ലാമാണ് , എത്ര സ്നേഹവും മനുഷ്യത്വ വും ഗുണ കാംക്ഷയുമുള്ളവരാണ്, മുസ്ലിംകൾ ഈ നാടിനും നാട്ടുകാർക്കും എത്ര പ്രയോ ജനവും ആവശ്യവുമുള്ളവരാണ്,മുസ്ലിംകളിലൂടെ അവരുടെ മേൽ പടച്ചവന്റെ എന്തെല്ലാം കാരുണ്യങ്ങൾ വർഷിക്കും എന്നൊന്നും അവർക്കറിയില്ല. ദൂരങ്ങളിലുള്ള അമുസ്ലിംകളുടെ കാര്യമിരിക്കട്ടെ നമ്മുടെ അയൽ വാസികളായ അമുസ്ലികൾക്ക് പോലും നമുക്ക് ഈ കാ ര്യങ്ങൾ മനസ്സിലാക്കി കൊടുക്കാൻ കഴിഞ്ഞിട്ടുണ്ടോ?
ഇക്കാര്യം അറിയുന്നതിന് വലിയ പഠന ഗവേഷണങ്ങളുടെ ആവശ്യമൊന്നുമില്ല. നമ്മുടെ അയൽ വാസിയായ ഹൈന്ദവ സഹോദരങ്ങളോട് ഇസ്ലാമിനെ കുറിച്ച് താങ്കൾക്ക് എന്താണ് അറിയാവുന്നതെന്ന് ചോദിച്ചു നോക്കുക, ഒന്നുകിൽ ഒന്നും അറിയില്ല എന്ന് പറയും അല്ലെങ്കിൽ അവർ പറയും മുസ്ലിംകൾ ചേലാകർമ്മം നടത്തുകയും പശുമാംസം കഴിക്കുകയും ചെറിയ കാര്യങ്ങൾക്ക് പോലും പെട്ടെന്ന് കോപിക്കുന്നവരുമാണ്. എന്നോട് ഒരു അറബി പണ്ഡിത സുഹൃത്ത് പറഞ്ഞു : അദ്ദേഹം അമേരിക്കയിൽ പോയപ്പോൾ അവി ടെയുള്ളവർ രണ്ട് കാര്യങ്ങൾ ആവർത്തിച്ച് ചോദിച്ചിരുന്നു.ഒന്ന് നിങ്ങൾക്ക് എത്ര ഭാര്യമാർ ഉണ്ട്? രണ്ട് നിങ്ങൾക്ക് എത്ര ഒട്ടകങ്ങൾ ഉണ്ട്? അതെ അമേരിക്കകാർ മുസ്ലിംകളെ കാ ണുന്നത് പല ഭാര്യമാരും ഒട്ടകങ്ങളുമുള്ളവരായിട്ടാണ്. ഇതു പോലെ ഹൈന്ദവർ ഇസ്ലാ മിനെ കാണുന്നത് ചേലാകർമ്മവും പശുമാംസ ഭോജനവും കടുത്ത കോപവുമായിട്ടാണ്.
ഞാൻ ഒരിക്കൽ ട്രെയിനിൽ ലക്നൗ വിലേക്ക് വരുകയായിരുന്നു.ദിനീ പ്രവർത്തകരായ ചില സുഹൃത്തുക്കൾ കൂട്ടത്തിലുണ്ടായിരുന്നു. ഇടയ്ക്ക് നമസ്കാരത്തിന് സമയമായപ്പോൾ ഞങ്ങൾ ചുരുങ്ങിയ നിലയിൽ ജമാഅത്തായി നമസ്കരിച്ചു. നമസ്കാരാനന്തരം ഒരു ജില്ലയിലെ ഡിസ്ട്രി ക് ബോർഡിന്റെ ചെയർമാനെന്ന് പരിചയപ്പെടുത്തിയ ഒരു ഹൈന്ദവ സഹോദരൻ വളരെ ലാഘവത്തോടെ ചോദിച്ചു മൗലാന നിങ്ങൾ നമസ്കാരത്തിൽ ഇടയ്ക്കിടയ്ക്ക് അക്ബർ ചക്രവർ ത്തിയുടെ പേര് പറഞ്ഞ് അല്ലാഹു അക്ബർ എന്ന് പറയുന്നത് എന്തിനാണ് ? സത്യം പറ യട്ടെ ഇത് കേട്ടപ്പോൾ ഞങ്ങൾക്ക് ചിരിയല്ല വന്നത് 5 നേരം ലൗഡ് സ്പീക്കർ വഴി കേൾപ്പി ക്കുന്ന ബാങ്കിന്റെ ആശയം പോലും അവർക്ക് മനസ്സിലാക്കി കൊടുക്കാൻ കഴിഞ്ഞില്ലല്ലോ

എന്ന ദുഃഖമാണ് ഉണ്ടായത്. ഒരു മഹാൻ പറയുന്നു: ഇസ്‌ലാമിനെ കുറിച്ച് ജനങ്ങൾക്ക് കൂടുതലൊന്നും മനസ്സിലാക്കി കൊടുക്കാൻ കഴിഞ്ഞിലെങ്കിലും കുറഞ്ഞ പക്ഷം അതിന്റെ ലളിതമായ ആശയമെങ്കിലും പറഞ്ഞ് കൊടുക്കുക.
അതെ ധാരാളം ഹൈന്ദവ സഹോദരങ്ങൾ ബാങ്കിനെ കുറിച്ച് അവരുടെ ദൈവങ്ങളേയോ അവരേയോ അസഭ്യം പറയുന്നതതെന്നാണ് ധരിച്ചിരിക്കുന്നത്. ചിലരുടെ വിചാരം ബാങ്ക് ജിഹാദിന്റെ മുദ്രാവാക്യം എന്നാണ്. പടച്ചവൻ മഹോന്നതനാണ് പടച്ചവനെ ആരാധിച്ചു കൊണ്ട് ഇരുലോക വിജയം കരസ്ഥമാക്കുക എന്ന സരളവും സുന്ദരവുമായ ബാങ്കിന്റെ ആശയം എത്ര പേർക്കറിയാം .

▪ആത്മ വിമർശനം നടത്തുക

എവിടെയെങ്കിലും കലാപം നടക്കുമ്പോൾ നാം മറ്റുള്ളവരെ കുറിച്ച് പരാതി പറയുകയും ഇത്ര നാളുകൾ കൂട്ടത്തിലുണ്ടായിട്ടും അവർ നമ്മോട് മോശമായി വർത്തിച്ചല്ലോ എന്ന് പരിതപിക്കുകയും ചെയ്യാറുണ്ട്. തീർച്ചയായും വർഗ്ഗീയ കലാപങ്ങളുടെ കുറ്റം മുഴുവനും മുസ്‌ലിംകളുടേത് മാത്രമല്ല.ഒരേ നാട്ടുകാരായ സഹോദര സമുദായ അംഗങ്ങളും പ്രത്യേകിച്ചും അവരുടെ നേതാക്കളും കുറ്റക്കാരാണ്. രാജ്യത്തെ രാഷ്ട്രീമ ശൈലിയിയും തെരെഞ്ഞെടുപ്പ് രീതിയും ഇതിൽ പങ്ക് വഹിക്കുന്നു. വിദ്യാഭ്യാസ പദ്ധതിയും പാഠ്യ വിഷയങ്ങളും പുസ്തകങ്ങളും ഇതിന്റെ വലിയ കാരണങ്ങളാണ്. ഒരു ചരിത്ര വിദ്യാർത്ഥി എന്ന നിലയിൽ എനിക്ക് ഈ യാഥാർത്ഥ്യങ്ങൾ നന്നായി അറിയാം. അവസരം കിട്ടുമ്പോഴെല്ലാം അമുസ്‌ലിം സഹോദരങ്ങളോടും വിദ്യാഭ്യാസ ഭരണ മേഖലയിലുള്ളവരോടുമെല്ലാം ഇക്കാര്യം ശക്തിയിൽ തന്നെ ഉണർത്താറുണ്ട്. അടുത്ത് നടന്ന അവരുടെ ഒരു സദസ്സിൽ വ്യകതമായി പറഞ്ഞു ഈ രാജ്യത്തെ പ്രധാന ന്യൂനപക്ഷമായ മുസ്‌ലിംകളുടെ അടിസ്ഥാന വിശ്വാസങ്ങളും മത, സാംസ്കാരിക, സാമൂഹിക,കുടുംബ അധ്യാപനങ്ങളും നിങ്ങൾ മനസ്സിലാക്കണമെന്ന് അഭ്യർത്ഥിക്കന്നു. ആയിരത്തിലേറെ വർഷങ്ങളായി നാം എല്ലാവരും അയൽ വാസികളായി കഴിയുകയാണ്. രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിലും നിർമ്മാണത്തിലും ഞങ്ങൾ നേതൃത്വപരമായ പങ്ക് വഹിച്ചിട്ടുണ്ട്. പരിസരത്തുള്ള മുസ്‌ലിം രാജ്യങ്ങളിൽ നിങ്ങൾ യാത്രകൾ നടത്തുകയും ഉദ്യോഗ ജോലികൾ നിർവ്വഹിക്കുകയും ചെയ്യുന്നു.എന്നിട്ടും ഇസ്‌ലാമിനേയും മുസ്‌ലിംകളെയും കുറിച്ച് തെറ്റിദ്ധാരണകൾ പുലർത്തുന്നത് വേദനാജനകമാണ്. ചരിത്ര ഗ്രന്ഥങ്ങൾ പാഠപുസ്തകങ്ങൾ പത്രമാധ്യമങ്ങൾ ഇവയിലൂടെ മുസ്‌ലിംകളെ കുറിച്ച് വെറുപ്പും വിദ്വേഷവും സംശയവും ഭീതിയും പ്രചരിപ്പിക്കുന്നത്  രാജ്യത്തോട് കാണിക്കുന്ന ക്രൂരതയും പാദകവുമാണെന്ന് പല പ്രാവശ്യം  ഭരണ വിദ്യാഭ്യാസ മേഖലകളിൽ പ്രവർത്തിക്കുന്നവരേയും  ബുദ്ധിജീവികളേയും ഉണർത്തിയിട്ടുണ്ട്. പക്ഷെ ഇപ്പോൾ എന്റെ സംബോധന മുസ്‌ലിം സഹോദരങ്ങളോടാണ്. അവരുടെ കുറ്റം നിങ്ങളോടും നിങ്ങളുടെ കുറ്റം അവരോടും പറയുന്നത് കൊണ്ട് യാതൊരു ഗുണവുമില്ല. ആകയാൽ നമ്മുടെ കുറ്റം നാം മനസ്സിലാക്കുകയും തിരുത്തുകയും ചെയ്യുക.
അതെ നാം സഹോദര സമുദായ അംഗങ്ങളെ ഇണക്കാനും ഇസ്‌ലാമിനെ അവർക്ക് പരിചയപ്പെടുത്താനും പരിശ്രമിച്ചിട്ടില്ല. ഇത് വലിയൊരു വീഴചയാണ്. വർഗീയ കലാപങ്ങളുടെയും അകൽച്ചയുടെയും   പ്രധാന കാരണം ഇതുതന്നെയാണ്.
നാം ഓരോരുത്തരും ആലോചിച്ച് നോക്കുക, നമ്മുടെ കൂട്ടത്തില് പഠിക്കുന്ന എത്ര സഹപാഠികൾക്കും നമ്മോടൊപ്പം ജോലിചെയ്യുന്ന എത്ര സഹപ്രവർത്തകർക്കും ഇസ്‌ലാമിനെ പരിചയപ്പെടുത്തുന്ന രചനകൾ നാം നൽകിയിട്ടുണ്ട്.? ഇന്ത്യയിലെ പ്രധാന ഭാഷയായ ഹിന്ദിയിലും മറാഠി,ഗുജറാത്തി,തമിഴ്,തെലുങ്ക്,കന്നട,മലയാളം മുതലായ പ്രാദേശിക ഭാഷകളിലും അമുസ്‌ലിം സഹോദരങ്ങൾക്കും പ്രയോജനപ്പെടുന്ന എത്ര രചനകൾ തയ്യാറാക്കു

കയും പ്രചരിപ്പിക്കുകയും ചെയ്യുന്നുണ്ട്. സമുദായത്തിനിടയിൽ മാത്രം പ്രയോജനകരമായ പ്രസിദ്ധീകരണങ്ങളിലും പത്രമാസികകളിലും നാം മത്സരിക്കുകയും അഞ്ചെണ്ണത്തിനിടയിൽ ആറാമത്തേതും ഇറക്കാൻ പരിശ്രമിക്കുകയും ചെയ്യുന്നതിനെ നാം വലിയ ജിഹാദായി കാണുകയല്ലേ? കലാപങ്ങൾ ഉണ്ടാകുമ്പോൾ പത്രമാധ്യമങ്ങളിലെ ഏകപക്ഷീയമായ പ്രചാരണങ്ങളെ കുറിച്ച് നാം പരാതി പറയുന്നു. അക്രമിക്കപ്പെടുന്നതും അക്രമികൾ എന്ന് മുദ്രകുത്തപ്പെടുന്നതും നാം തന്നെ എന്ന് വിലപിക്കുന്നു. എന്നാൽ അവർ പഠിച്ചത് മാത്രമേ അവർ പാടുകയുള്ളൂ എന്ന് നാം മനസ്സിലാക്കുക. പരസ്പരം സ്നേഹവിശ്വാസങ്ങൾ വർദ്ധിപ്പിക്കുകയും നന്മകളെയും മാനവികതയേയും പ്രചരിപ്പിക്കുകയും ചെയ്യുന്ന യഥാർത്ഥ മാധ്യമ സംസ്കാരം നാം കാണിച്ച് കൊടുക്കുകയും അതിലേക്ക് അവരെ പ്രേരിപ്പിക്കുകയും ചെയ്യേണ്ടതാണ്. ഇതിലൂടെ വിളക്കിൽ നിന്നും വിളക്കുകൾ കത്തുന്നതും സുഗന്ധം പരന്ന് മറ്റുള്ളവർ അതിലേക്ക് ആകൃഷ്ടരാവുകയും ചെയ്യുന്നതാണ്.

▪നാം എന്ത് ചെയ്യണം?

ചുരുക്കത്തിൽ കലാപങ്ങൾ ഉണ്ടാകാതിരിക്കാനും വല്ലതും ഉണ്ടായിപ്പോയാൽ ഉടനടി പിടിച്ച് നിർത്താനും പര്യാപ്തമായ പ്രവർത്തനങ്ങൾ നാം സജീവമാക്കുക. അതിന് നാം ചെയ്യേണ്ട ഏറ്റവും പ്രധാനപ്പെട്ട കാര്യം പരിസരവാസികൾക്ക് ഇസ്‌ലാമിനെ പരിചയപ്പെടുത്തുകയും അവരുമായി സ്നേഹവിശ്വാസങ്ങൾ വർദ്ധിപ്പിക്കാൻ പരിശ്രമിക്കുകയും ചെയ്യലാണ്. മുസ്‌ലിംകൾ ദൃഷ്ടികൾ താഴ്ത്തുന്നവരാണ്, ആരെയും ഉപദ്രവിക്കാത്തവരാണ് എന്ന് പ്രവർത്തനത്തിലൂടെ നാം ജനങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കുക. പൊതുവഴിയിൽ ഒരു ടാപ്പ് തുറന്ന് കിടക്കുന്നു, അല്ലെങ്കിൽ പഴത്തൊലി വീണുകിടക്കുന്നു. നൂറ് കണക്കിന് ആളുകൾ അത് കണ്ടിട്ടും കാണാത്തത് പോലെ നടന്നു നീങ്ങുന്നു. ഇതിനിടയിൽ നാം ആരെങ്കിലും അവിടേക്ക് പോയി ടാപ്പ് അടക്കുകയും പഴത്തൊലി എടുത്ത് മാറ്റുകയും ചെയ്താൽ ജനങ്ങൾക്കിടയിൽ വലിയ മതിപ്പുണ്ടാകുന്നതും ജലവും ജീവനും പടച്ചവൻറെ അമൂല്യ അനുഗ്രഹങ്ങളാണെന്ന ഓർമ്മ പുതുക്കപ്പെടുന്നതുമാണ്. ട്രെയിൻ യാത്രക്കിടയിൽ കയറാനും ഇരിക്കാനും കിടക്കാനും ചായയും മറ്റും വാങ്ങാനും മറ്റുള്ളവർക്ക് മുൻഗണന കൊടുക്കുന്നത് കൊണ്ട് മാത്രം ജനങ്ങൾ അത്ഭുതപ്പെടുകയും ഞങ്ങൾ നിങ്ങളെ തെറ്റിദ്ധരിച്ചിരുന്നു,ഇപ്പോൾ തെറ്റിദ്ധാരണമാറി എന്ന് പറയുകയും ചെയ്ത ധാരാളം അനുഭവങ്ങൾ എനിക്ക് ഉണ്ടായിട്ടുണ്ട്. ഇസ്‌ലാമിനേയും മുസ്‌ലിംകളെയും കുറിച്ച് ഞങ്ങൾക്ക് ഇങ്ങനെ ഒരു ധാരണയേ ഉണ്ടായിരുന്നില്ല എന്നും മുസ്‌ലിംകൾ എന്നാൽ വഴക്കും പ്രശ്നവും ഉണ്ടാക്കുന്നവരായിട്ടാണ് ഞങ്ങൾ വിചാരിച്ചിരുന്നതെന്നും പലരും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇസ്‌ലാം എന്നത് മാനവികതയുടെ ഒരു സമുന്നത ദർശനമാണ്. നമ്മുടെ പ്രവർത്തനങ്ങളാണ് ഇതിനെ ജനങ്ങൾ മനസ്സിലാക്കാനുള്ള പ്രധാന മാധ്യമം. കമ്പോളങ്ങളിലും തൊഴിലിടങ്ങളിലും ഓഫീസുകളിലും യാത്രകളിലും സഹോദര സമുദായങ്ങളുമായി ബന്ധപ്പെടുന്ന മുഴുവൻ സന്ദർഭങ്ങളിലും അവർക്ക് മുമ്പാകെ ഇസ്‌ലാമിക അദ്ധ്യാപനങ്ങളുടേയും സ്വഭാവ രീതികളുടേയും ഉത്തമ മാതൃക നാം സമർപ്പിക്കുക.വൃദ്ധരെ കണ്ടാൽ ജാതിമത വ്യതാസമില്ലാതെ ആദരിക്കുകയും സേവിക്കുകയും ചെയ്യുക. ഭാരമെടുക്കുന്ന സ്ത്രീകളെ സഹായിക്കുക. വല്ലവരും നാടിനും നാട്ടുകാർക്കും നാശമുണ്ടാക്കുന്ന എന്തെങ്കിലും കാര്യം ചെയ്താൽ മയത്തോടെ അതിനെ തിരുത്താൻ പരിശ്രമിക്കുക. നാം ഓരോരുത്തരും മാനവികതയുടെ പ്രവർത്തനങ്ങൾ നടത്തുകയും അതിൻറെ പ്രചാരകരാവുകയും ചെയ്യുക.ഈ വിഷയത്തിൽ ഇന്ത്യ മുഴുവൻ ചെറിയ നിലയിലാണെങ്കിലും പ യാമെ ഇൻസാനിയത്ത് പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. പയാമെ ഇൻസാനിയത്തിന്റെ പ്രവർത്തനങ്ങൾ മനസ്സിലാക്കി നടത്തുകയും അതിന്റെ സന്ദേശങ്ങൾ ജനങ്ങൾക്ക് എത്തിച്ച് കൊടുക്കുകയും ചെയ്യുക. അല്ലാഹു നമുക്ക് ശരിയായ അറിവ് കരസ്ഥമാക്കാനും ഉത്തമ പ്രവർത്തനം നടത്താനും ഉതവി നൽകട്ടെ.! ഈ എളിയ വാക്കുകളെ സ്വീകരിക്കുകയും പ്രയോജനപ്രതമാക്കുകയും ചെയ്യട്ടെ.! പടച്ചവൻ നാം എല്ലാ

വരെയും സഹായിക്കുകയും സംരക്ഷിക്കുകയും ചെയ്യട്ടെ.! എല്ലാ സഹായങ്ങളും പ്രതാപശാലിയും തന്ത്രജ്ഞനുമായ അല്ലാഹുവിൻറെ ഭാഗത്ത് നിന്നും മാത്രമാണ്.!